REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-10-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആന്ധ്രാപ്രദേശിലെ കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കും.
- ഇന്ത്യൻ സേനയ്ക്കായി രാത്രിയിലും ഉപയോഗിക്കാവുന്ന റൈഫിളുകൾ വാങ്ങാൻ 659 കോടി രൂപയുടെ കരാർ ഒപ്പുവെച്ചു.
- സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.
- 2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയ നഗരമായി ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്തു.
- സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തലശ്ശേരി രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് വൈകിട്ട് തിരി തെളിയും.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആന്ധ്രാപ്രദേശ് സന്ദർശിക്കും. ഉച്ചകഴിഞ്ഞ് കർണൂലിൽ 13,430 കോടിയിൽപ്പരം രൂപയുടെ വികസന പദ്ധതികൾക്ക് നരേന്ദ്ര മോദി തുടക്കമിടും. പൂർത്തിയായ പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി, ഏതാനും പുതിയ പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും.

കർണൂലിൽ പൊതു സമ്മേളനത്തെയും മോദി അഭിസംബോധന ചെയ്യും. നന്ദ്യാൽ ജില്ലയിലെ ശ്രീശൈലത്തെ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്ത് പ്രധാനമന്ത്രി ദർശനം നടത്തും. ശ്രീശൈലത്തെ ശ്രീ ശിവാജി സ്പൂർത്തി കേന്ദ്രവും നരേന്ദ്രമോദി സന്ദർശിക്കും.

✪✪✪

ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഇന്ത്യയിലെത്തും. സ്ഥാനമേറ്റ ശേഷം അമരസൂര്യയുടെ ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. ഡൽഹി സർവകലാശാല ഹിന്ദു കോളജിലെ പൂർവ്വ വിദ്യാർത്ഥി കൂടിയായ അവർ കോളജിലെ ചടങ്ങിൽ പങ്കെടുക്കും. ഡൽഹി IIT സന്ദർശിക്കുന്ന അമരസൂര്യ, നിതി ആയോഗുമായി ചർച്ചകളും നടത്തും.

✪✪✪

ഇന്ത്യൻ സേനയ്ക്കായി രാത്രിയിലും ഉപയോഗിക്കാവുന്ന റൈഫിളുകൾ വാങ്ങാൻ 659 കോടി രൂപയുടെ കരാർ ഒപ്പുവെച്ചു. രാത്രിക്കാഴ്ച നൽകുന്ന സംവിധാനത്തോടു കൂടിയ SIG-716 റൈഫിളുകൾ സൈന്യത്തിന്റെ പ്രഹരശേഷി വർദ്ധിപ്പിക്കാൻ ഏറെ പ്രയോജനപ്പെടും. അരികിലോമീറ്ററിനപ്പുറം വരെ കാഴ്ച നൽകുന്ന സംവിധാനമാണ് ഇത്തരം റൈഫിളുകളിൽ ഘടിപ്പിച്ചിരിക്കുന്നത്. രാജ്യരക്ഷാ രംഗത്തെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 51 ശതമാനത്തിലേറെ തദ്ദേശീയ ഘടകങ്ങൾ ഉപയോഗിച്ചാണ് അസാൾട്ട് റൈഫിൾ നിർമ്മിക്കുന്നത്.

✪✪✪

പലായനം ചെയ്യുന്ന കുറ്റവാളികൾ ഉണ്ടാക്കുന്ന വെല്ലുവിളികളെ സംബന്ധിച്ച CBI യുടെ രണ്ട് ദിവസത്തെ കോൺഫറൻസ് ആഭ്യന്തര മന്ത്രി അമിത്ഷാ ന്യൂഡൽഹിയിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. കേന്ദ്രത്തിലെയും, സംസ്ഥാനങ്ങളിലെയും മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും. വിദേശങ്ങളിലേക്ക് കടക്കുന്ന കുറ്റവാളികളെ തിരികെ കൊണ്ടുവരാനാവശ്യമായ ഔപചാരികവും, അല്ലാത്തതുമായ നടപടികൾ യോഗത്തിൽ ചർച്ചയാകും.

✪✪✪

ഇന്ന് ലോക ഭക്ഷ്യ ദിനം. എല്ലാവർക്കും ഭക്ഷണം എന്ന ആപ്തവാക്യവുമായി ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ ഫുഡ് ആന്റ് ആഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ്

എല്ലാവർഷവും ഒക്ടോബർ 16-ന് ലോക ഭക്ഷ്യദിനം ആചരിക്കുന്നത്. പട്ടിണിക്കും, ദാരിദ്ര്യത്തിനുമെതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. മികച്ച ഭക്ഷണത്തിനും മികച്ച ഭാവിക്കും വേണ്ടി കൈകോർക്കുക- എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

ഓണത്തിന് റേഷൻ വ്യാപാരികൾക്ക് നൽകുന്ന ആയിരം രൂപ ഉത്സവബത്ത വിതരണം ചെയ്യാൻ ഒരു കോടി 39 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി GR അനിൽ അറിയിച്ചു. 13,900 റേഷൻ വ്യാപാരികൾക്ക് ഉത്സവബത്ത നൽകാൻ ധനവകുപ്പ് കഴിഞ്ഞ ദിവസമാണ് അനുമതി നൽകിയത്.

✪✪✪

വയനാട് തുരങ്കാപാത നിർമ്മാണത്തിന് ആവശ്യമായ അനുമതികൾ കാലതാമസമില്ലാതെ ലഭ്യമാക്കാനും, പ്രവൃത്തികൾ വേഗത്തിലാക്കാനും തിരുവനന്തപുരം കിഫ്ബി ആസ്ഥാനത്ത് ഇന്നലെ ചേർന്ന യോഗം തീരുമാനിച്ചു.  കിഫ്ബി CEO ഡോ. KM എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രതിനിധികൾ പങ്കെടുത്തു.

✪✪✪

അങ്ങേയറ്റം പവിത്രത കൽപിക്കുന്ന ശബരിമലയിലെ സ്വർണം കവരാൻ ശ്രമിച്ചവർക്ക് വിശ്വാസികൾ ഒരു കാലത്തും മാപ്പ് നൽകില്ലെന്ന് പ്രതിപക്ഷ ഉപനേതാവ് P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. ശബരിമലയുടെ പവിത്രത കാത്തുസൂക്ഷിക്കാൻ UDF പ്രതിജ്ഞാബദ്ധമാണെന്നും  അദ്ദേഹം വ്യക്തമാക്കി.  K മുരളീധരൻ നയിക്കുന്ന KPCC മേഖലാതല വിശ്വാസ സംരക്ഷണ യാത്രയ്ക്ക് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു കുഞ്ഞാലിക്കുട്ടി. സ്വർണ വിഷയം ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ CBI അന്വേഷിക്കണമെന്ന് മുരളീധരൻ യോഗത്തിൽ  ആവശ്യപ്പെട്ടു

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി സർവെ ഭൂരേഖ വകുപ്പിന്റെ ഏകദിന സെമിനാർ നാളെ കളമശ്ശേരി കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഡിജിറ്റൽ

ഹബിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും.  വിവിധ വിഷയങ്ങളിൽ പാനൽചർച്ചകളും ചടങ്ങിൽ  സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ മഴ ശക്തിപ്രാപിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന്  കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നല്കിയിട്ടുണ്ട്. മഴയ്ക്കൊപ്പം ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യയുണ്ടെന്നും  ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പിൽ പറയുന്നു.  കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

നെന്മാറ സജിത കൊലക്കേസിൽ ശിക്ഷാവിധി ഇന്ന് ഉണ്ടാകും. കേസിലെ പ്രതി ചെന്താമര കുറ്റക്കാരനാണെന്ന് പാലക്കാട് നാലാം അഡീഷണൽ ജില്ലാ കോടതി കണ്ടെത്തിയിരുന്നു. കൊലപാതകം, തെളിവ് നശിപ്പിക്കൽ, അതിക്രമം എന്നീ കുറ്റങ്ങളാണ് തെളിഞ്ഞത്.

✪✪✪

2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയ നഗരമായി ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്തു. കോമൺവെൽത്ത് സ്പോർട്സിന്റെ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് പ്രഖ്യാപനം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

കേന്ദ്ര ഗവൺമെന്റും, ഗുജറാത്ത് ഗവൺമെന്റും, കോമൺവെൽത്ത് ഗെയിംസ് അസോസിയേഷനും ചേർന്നാണ് നിർദ്ദേശം സമർപ്പിച്ചത്. അടുത്ത മാസം  കോമൺവെൽത്ത് സ്പോർട്സിന്റെ ജനറൽ അസംബ്ലിക്ക് മുന്നിൽ  ശുപാർശ അവതരിപ്പിക്കും.

ശുപാർശയെ അഭിനന്ദിച്ച ആഭ്യന്തര മന്ത്രി അമിത്ഷാ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണ നേതൃത്വ മാണ് ഈ നേട്ടത്തിന് കാരണമെന്ന് പറഞ്ഞു. അഹമ്മദാബാദ്  കോമൺവെൽത്ത് ഗെയിംസ് ഓരോ ഇന്ത്യക്കാരനും അഭിമാനകരമായ നിമിഷമാകുമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. അഹമ്മദാബാദ് ശതാബ്ദി

കോമൺ വെൽത്ത് ഗെയിംസ് സുസ്ഥിരത, ഉൾക്കൊള്ളൽ, നവീകരണം എന്നിവയിൽ അധിഷ്ഠിതമായ ഗെയിംസ് ആയിരിക്കുമെന്ന് കോമൺവെൽത്ത് ഗെയിംസ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് പി ടി ഉഷ പറഞ്ഞു.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട്- പാകിസ്ഥാൻ മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു. ഇരുടീമുകളും ഓരോ പോയിന്റ് പങ്കുവെച്ചു.

ഇന്ന് വിശാഖപട്ടണത്ത് ഓസ്ട്രേലിയ, ബംഗ്ലാദേശിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയോട് അനുബന്ധിച്ച് സ്വർണ്ണക്കപ്പ് വിളംബര ഘോഷയാത്ര രാവിലെ കാഞ്ഞങ്ങാട്ട് നിന്ന് ആരംഭിക്കും. ജില്ലകളിലെ പര്യടനത്തിനുശേഷം 21ന് ഘോഷയാത്ര തിരുവനന്തപുരത്ത് സമാപിക്കും. ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന കായിക മേളയ്ക്ക് ഈ വർഷം ആദ്യമായാണ് സ്വർണക്കപ്പ് ഏർപ്പെടുത്തിയത്.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കായികമേളയുടെ ആദ്യ ദിവസത്തെ മത്സരങ്ങളിൽ മുക്കം ഉപജില്ല മുന്നിലെത്തി. പേരാമ്പ്ര രണ്ടാം സ്ഥാനത്തും, ബാലുശേരി മൂന്നാം സ്ഥാനത്തുമുണ്ട്. 17 ഉപജില്ലകളിലെ നാലായിരത്തോളം വിദ്യാർത്ഥികൾ കായികമേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കണ്ണൂർ റവന്യു ജില്ല സ്കൂൾ കായികമേള ഇന്ന് തലശ്ശേരി ജസ്റ്റിസ് V.R കൃഷ്ണയ്യർ സ്മാരക മുൻസിപ്പൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. 15 ഉപജില്ലകളിൽ നിന്നായി രണ്ടായിരത്തോളം കായിക പ്രതിഭകൾ പങ്കെടുക്കും. രാവിലെ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തലശ്ശേരി രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരി തെളിയും. വൈകിട്ട് മന്ത്രി P.രാജീവ് മേള ഉദ്ഘാടനം ചെയ്യും.

**കണ്ണൂരിൽ നിന്ന് K.O ശശിധരൻ.**

**.....(വോയ്സ്)..............**

✪✪✪

**അരിപ്പ ഭൂപ്രശ്നത്തിന് ശാശ്വത പരിഹാരമായെന്നും, അർഹരായ എല്ലാവർക്കും ഉടൻ പട്ടയം ലഭ്യമാക്കുമെന്നും മന്ത്രി K രാജൻ അറിയിച്ചു. കൊല്ലം അറയ്ക്കൽ സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പുനലൂർ മരവെട്ടിതടത്തിലെ പട്ടയപ്രശ്നവും, വനഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളും പരിഹരിക്കാൻ പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുമെന്ന് മന്ത്രി പറഞ്ഞു.**

✪✪✪

**കോഴിക്കോട് പേരാമ്പ്രയിൽ LDF ന്റെ ബഹുജന പ്രതിഷേധ റാലി CPIM കേന്ദ്രകമ്മിറ്റിയംഗം EP ജയരാജൻ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ ഇടതുപക്ഷത്തിന്റെ സ്വീകാര്യത വർധിക്കുമ്പോൾ, അത് തകർക്കാൻ മുഖ്യമന്ത്രിയെ വ്യക്തിഹത്യ ചെയ്തും, നുണപ്രചരണം നടത്തിയും സംഘർഷം സൃഷ്ടിക്കാൻ UDF ശ്രമിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു. LDF കൺവീനർ TP രാമകൃഷ്ണൻ ചടങ്ങിൽ അധ്യക്ഷനായിരുന്നു.**

✪✪✪

**കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കോട്ടയം ഫീൽഡ് ഓഫീസ് സംഘടിപ്പിക്കുന്ന ത്രിദിന സംയോജിത ബോധവത്ക്കരണ പരിപാടിയും ഫോട്ടോ പ്രദർശനവും ഇന്ന് ആരംഭിക്കും. കോട്ടയം സീതാറാം ഓഡിറ്റോറിയത്തിലാണ് പരിപാടി.**

✪✪✪

**വള്ളത്തോൾ ലിറ്ററേച്ചർ ഫെസ്റ്റിന് ഇന്ന് തിരൂർ മംഗലത്ത് തുടക്കമാകും. കവിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് മംഗലം പഞ്ചായത്ത് മൂന്ന് വർഷം നീളുന്ന ആഘോഷപരിപാടികളാണ് സംഘടിപ്പിക്കുന്നത്.**

✪✪✪

**തിരുവനന്തപുരം- മധുര- തിരുവനന്തരപുരം അമൃത എക്സ്പ്രസ് രാമേശ്വരം വരെ നീട്ടി. ഇന്ന് രാത്രി എട്ടരയ്ക്ക് തിരുവനന്തപുരത്ത് നിന്ന്**

പുറപ്പെടുന്ന ആദ്യ സർവീസ്, നാളെ ഉച്ചയ്ക്ക് 12.45 ന് രാമേശ്വരത്തെത്തും. നാളെ ഉച്ചകഴിഞ്ഞ് ഒന്നരയ്ക്കാണ് ട്രെയിനിന്റെ മടക്കയാത്ര. പുലർച്ചെ 4-45 ന് തിരുവനന്തപുരത്തെത്തും.

✪✪✪

തുലാമാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. തുലാമാസം ഒന്നായ ശനിയാഴ്ച്ച രാവിലെ സന്നിധാനത്ത് ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ് നടക്കും.

രാഷ്ട്രപതി ദൗപദി മുർമുവിന്റെ സന്ദർശനത്തോട നുബന്ധിച്ച് ഈ മാസം 22- ന് ദർശനത്തിന് നിയന്ത്രണമുണ്ടാകും.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ ഈ മാസം 21 ന് ആരംഭിക്കുന്ന അൽപശി ഉത്സവത്തിന്റെ താന്ത്രികചടങ്ങുകൾക്ക് തുടക്കമായി. മിത്രാനന്തപുരം കുളത്തിൽ നിന്ന് മണ്ണ്നീർ കോരൽ ഇന്നലെ നടത്തി. ശേഖരിച്ച മണ്ണിൽ നവധാന്യങ്ങൾ വിതറി മുളപ്പിച്ചാണ് കൊടിയേറ്റ് സമയത്ത് പൂജയ്ക്ക് ഉപയോഗിക്കുന്നത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: ഷീബ*